File No.: LBRD-C2/7/2026-LBRD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - പള്ളിക്കത്തോട് ഐ.ടി.ഐ യിലെ Architectural Draughtsman ട്രേഡിലേക്ക് ആവശ്യമായ ഉപകരണങ്ങൾ GeM പോർട്ടൽ വഴി സംഭരിക്കുന്നതിനുള്ള സംഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.211/2026/LBR തീയതി,തിരുവനന്തപുരം, 16-02-2026

---

പരാമർശം:-
1. 22.09.2025 ലെ സ.ഉ.(സാധാ) നം.1125/2025/തൊഴിൽ
2. ട്രെയിനിംഗ് ഡയറക്ടറുടെ 06/01/2026 ലെ ഡി.റ്റി/4891/2025-ഇ8 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്തെ വിവിധ ഐ.ടി.ഐ കളിലെ വിവിധ ട്രേഡുകൾക്ക് NCVT അഫിലിയേഷൻ, റീ-അഫിലിയേഷൻ ലഭിക്കുന്നതിനും ആവശ്യമായ ഉപകരണങ്ങൾ സംഭരിക്കുന്നതിനും വേണ്ടി പരാമർശം 1 പ്രകാരം 11,36,29,375/- രൂപയുടെ ഭരണാനുമതി അനുവദിച്ചിരുന്നു. ആയതുപ്രകാരം പള്ളിക്കത്തോട് ഐ.ടി.ഐ യിലെ Architectural Draughtsman ട്രേഡിലേക്ക് ആവശ്യമായ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ₹8,44,500/- രൂപക്ക് GeM പോർട്ടൽ വഴി സംഭരിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശിത കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പള്ളിക്കത്തോട് ഐ.ടി.ഐ യിലെ Architectural Draughtsman ട്രേഡിലേക്ക് ആവശ്യമായ ഉപകരണങ്ങൾ GeM പോർട്ടൽ വഴി ₹8,44,500/- (എട്ടു ലക്ഷത്തി നാൽപ്പത്തി നാലായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപക്ക് "2230-03-101-87-Modernisation of ITIs-34-OC-3-other items(Plan)-2025-26" എന്ന ശീർഷകത്തിൽ നിന്നും ചെലവഴിച്ച് സംഭരിക്കുന്നതിന് ട്രെയിനിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്. (വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Usha Rani L
Date: 17-02-2026 12:03:43
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്സിന്